**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ല — വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ഗോപിയ്ക്കെതിരായ അച്ചടക്ക നടപടി — ഔപചാരിക അന്വേഷണത്തിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി— ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3165/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 17.12.2018

===========================================================================

പരാമർശം:
1. പഞ്ചായത്ത് ഡയറക്ടറുടെ 18.08.2017-ലെ ഡി6-14294/17 നമ്പർ കത്ത്
2. സർക്കാരിന്റെ 22.12.2017-ലെ ഇപിബി2/222/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
3. ശ്രീ. കെ. ഗോപി സമർപ്പിച്ച 29.01.2018-ലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 19.09.2018-ലെ ഡി11-14294/17 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. കെ. ഗോപി വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണത്തിന്റെ ഫയൽ നഷ്ടപ്പെടുത്തി, ക്രഷർ യൂണിറ്റിന് നിയമവിരുദ്ധമായി ലൈസൻസ് നൽകി എന്നീ അപാകതകൾ കണ്ടെത്തുകയുണ്ടായി. എന്നാൽ ശ്രീ. കെ. ഗോപി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്ത് പഞ്ചായത്ത് ഡയറക്ടർ സൂചന (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണത്തിന്റെ പെർമിറ്റ് ഫയൽ നഷ്ടപ്പെടുത്തിയത് സംബന്ധിച്ച് വടശ്ശേരിക്കര വില്ലേജിൽ സർവ്വേ നമ്പർ 453,453/1,453/9, 453/20, 453/14-ൽ ഉൾപ്പെട്ട 11 ഹെക്ടർ 33 ആർ 67 ച.മീ. വസ്തുവിൽ 100123.63 ച.മീ. വിസ്തീർണ്ണമുള്ള മെഡിക്കൽ കോളേജ് കെട്ടിട നിർമ്മാണ പെർമിറ്റിനായി ഡോ. പി. സ്വയംഭൂ, മാനേജിംഗ് ട്രസ്റ്റി, പി.എസ്.എൻ.എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ കെട്ടിട നിർമ്മാണം 6000 ച.മീറ്ററിന് മുകളിൽ വരുന്നതിനാൽ സ്ഥലത്തിന്റെ ഉപയോഗത്തിനും ലേ ഔട്ടിനും ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം തേടുകയും ചീഫ് ടൗൺ പ്ലാനറുടെ 24.03.2015-ലെ സി3-9016/14/ഡിസ് നമ്പർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള 16 നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാതെ പെർമിറ്റ് നൽകുകയുണ്ടായിയെന്നും കൂടാതെ എ 01/4428/88/2015 എന്ന നമ്പരിൽ നൽകിയിരിക്കുന്ന പെർമിറ്റ് സംബന്ധിച്ച ഫയൽ ഓഫീസിൽ നിന്നും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലായെന്ന് നിലവിലുള്ള സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നും, ഒരു ലക്ഷത്തിലധികം ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഫയർ & റെസ്ക്യൂ എൻ.ഒ.സി, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി, പാരിസ്ഥിതികാനുമതി എന്നിവ ഇല്ലാതെയാണ് 25.03.2015-ൽ പെർമിറ്റ്

നൽകിയിട്ടുള്ളതെന്നും ഇപ്രകാരം നിയമവിരുദ്ധമായി പെർമിറ്റ് നൽകിയശേഷം പെർമിറ്റ് ഫയൽ രേഖാമൂലം കൈമാറ്റം ചെയ്യാതെയാണ് സെക്ഷൻ ക്ലാർക്ക് ഓഫീസ് ചുമതലകളിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതെന്നും, തിരച്ചിൽ നടത്തിയെങ്കിലും ടി ഫയൽ കണ്ടെത്തുവാൻ കഴിഞ്ഞില്ലായെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. സാബു കുര്യാക്കോസ്, കാവുങ്കൽ എന്നയാളിന് ക്വാറികൾ, ക്രഷർ യൂണിറ്റ് എന്നിവയ്ക്ക് 01.04.2016 മുതൽ 31.03.2021 വരെ 5 വർഷത്തേക്ക് ഡി&ഒ ലൈസൻസ് ക്രമവിരുദ്ധമായി പുതുക്കി നൽകിയതു സംബന്ധിച്ച സെക്രട്ടറിയുടെ 26.05.2016-ലെ ഉത്തരവ് പരിശോധിച്ചതിൽ ഡി&ഒ ലൈസൻസുകളുടെ ഓഫീസ് പകർപ്പിൽ 5 എണ്ണം ദീർഘിപ്പിച്ചതായി സെക്രട്ടറി രേഖപ്പെടുത്തിയിരിക്കുന്നുവെന്നും, എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ യഥാർത്ഥത്തിൽ 2016-17-ൽ നൽകിയ 6 ഡി&ഒ ലൈസൻസുകളും ദീർഘിപ്പിച്ചിട്ടുള്ളതായി കാണുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈസൻസുകൾ ലഭ്യമായ ശേഷം ശ്രീ. സാബു കുര്യാക്കോസ് 21.05.2016-ൽ 5 വർഷത്തേക്കുള്ള ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും മൈനിംഗ് & ജിയോളജി വകുപ്പ് ഖനനത്തിന് അനുമതി നൽകിയിട്ടുള്ള കാലയളവ് രേഖകൾ പരിശോധിച്ചതിൽ നിന്നും സർവ്വേ നം.528/2,528/3 എന്നിവയിൽ 1.4790 ഹെക്ടർ സ്ഥലത്ത് പാറഖനനം നടത്തുന്നതിനുള്ള അനുമതി 15.03.2017 വരെ മാത്രമാണെന്ന് കാണുന്നുവെന്നും സർവ്വേ നം.531/2, 534/3, 534/9 എന്നിവയിൽ അനുമതി കാലാവധി 17.01.2017 വരെ മാത്രമാണെന്നും 534/5, 6, 8-ൽ 1.834 ഹെക്ടർ സ്ഥലത്ത് ഖനനാനുമതി 24.06.2016 വരെയും മാത്രമാണുള്ളതെന്നും ഫാക്ടറീസ് & ബോയിലേഴ്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലയളവ് 31.12.2016 വരെ മാത്രമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസുകൾ 2021 വരെ 5 വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുള്ളതെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നും എന്നാൽ ഇപ്രകാരം നിയമോപദേശം നേടുന്നതിനോ, ലൈസൻസുകൾ ദീർഘിപ്പിച്ചു നൽകിയതിനോ ഭരണസമിതി തീരുമാനമുള്ളതായി ബോദ്ധ്യപ്പെട്ടിട്ടില്ലെന്നും, എന്നാൽ നിയമോപദേശം പരിഗണിച്ചാൽത്തന്നെയും ഇപ്രകാരം ലൈസൻസുകൾ 5 വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകുമ്പോൾ വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സ്ഥാപനങ്ങളുടെയും നിരാക്ഷേപ സാക്ഷ്യപത്രവും ക്ലിയറൻസും ഈ കാലയളവ് വരെ ഉണ്ടായിരിക്കണമെന്ന് നിയമോപദേശത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഈ വ്യവസ്ഥകൾ പാലിച്ചല്ല ലൈസൻസുകൾ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതെന്നും പരിസ്ഥിതി ദുർബലപ്രദേശമായ പ്രസ്തുത സ്ഥലത്ത് 15.10.2015-ലെ സ.ഉ.(പി) നം.144/2015/ഐ.ഡി. ഉത്തരവ് പ്രകാരം മുമ്പുണ്ടായിരുന്ന പാറമടകൾക്ക് ഖനനാനുമതി ഓരോ വർഷം വീതം 3 വർഷത്തേക്ക് പാരിസ്ഥിതികാനുമതി നേടുന്നതിന് സമയം അനുവദിച്ച് പെർമിറ്റ് നൽകുന്നതിന് ഉത്തരവായിട്ടുണ്ടെന്നും ഇപ്രകാരമാണെങ്കിൽത്തന്നെ ഡി&ഒ ലൈസൻസുകൾ 5 വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകിയത് താങ്കളുടെ ഭാഗത്തുനിന്നുള്ള നടപടിക്രമവിരുദ്ധമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. കെ. ഗോപി സേവനത്തിലിരിക്കെ ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ കെ.എസ്.ആർ. പാർട്ട് 3 ചട്ടം 3(ബി) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്ന് 2000/- രൂപ വീതം 5 വർഷത്തേക്ക് കുറവു വരുത്തുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. ഗോപി പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശ്രീ. കെ. ഗോപിയ്ക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ശ്രീ കെ. ഗോപിയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ഗോപിയ്ക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
   (പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട്, കാരണം കാണിക്കൽ നോട്ടീസ്, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ശ്രീ. കെ. ഗോപി, മുൻ സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/222/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ